# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.177/PR/PIC/PHQ/18 Date : 19.07.2018

---

**കേരളത്തിന് ഒരു പൊൻതൂവൽ കൂടി :**

**സ്റ്റുഡന്റ് പോലീസ് കേഡറ്റ് സ്കീം ദേശീയതലത്തിലേയ്ക്ക്**

രാജ്യത്തിന് കേരളം വീണ്ടും മാതൃകയാവുന്നു. കേരള പോലീസ് വിദ്യാഭ്യാസ വകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ വിജയകരമായി നടപ്പാക്കിവരുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ദേശീയതലത്തിലേയ്ക്ക് വ്യാപിപ്പിക്കുന്നു. ജൂലൈ 21 ന് ഹരിയാനയിലെ ഗുർഗാവിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്ര ആഭ്യന്തര വകുപ്പു മന്ത്രി രാജ്നാഥ് സിങ് ഇതു സംബന്ധിച്ച ദേശീയ പ്രഖ്യാപനം നടത്തും. ഇതോടെ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നിലവിൽ വരും.

2006 ലാണ് കേരളത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്ക് പൈലറ്റ് അടിസ്ഥാനത്തിൽ തുടക്കം കുറിച്ചത്. കുട്ടികളിൽ അച്ചടക്കബോധവും വ്യക്തിത്വവികാസവും ഉറപ്പുവരുത്തുന്നതിനും ക്രിയാത്മക മനോഭാവവും ആരോഗ്യകരമായശീലങ്ങളും വളർത്തിയെടുക്കുന്നതിനും ലക്ഷ്യമിട്ടാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിച്ചത്. നീതിനിർവ്വഹണ സംവിധാനങ്ങളെപ്പറ്റിയുള്ള അവബോധം സൃഷ്ടിക്കൽ, കൂട്ടായ്മ ഉൾപ്പെടെയുള്ള സാമൂഹിക മൂല്യങ്ങൾ പുതുതലമുറയിൽ വളർത്തിയെടുക്കൽ എന്നിവയും സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ ലക്ഷ്യങ്ങളാണ്. ഈ ലക്ഷ്യങ്ങൾ നേടുന്നതിന് ഏറെ സഹായകമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് പദ്ധതി കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പദ്ധതി കൂടുതൽ വിപുലീകരിക്കാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി സർക്കാർ 100 സ്കൂളുകളിൽ കൂടി പദ്ധതി നടപ്പാക്കുവാൻ തീരുമാനിക്കുകയും 71 സ്കൂളുകളിൽ ഇതിനകം ആരംഭിക്കുകയും ചെയ്തു. നിലവിൽ 645 സ്കൂളുകളിലായി അൻപതിനായിരത്തിലേറെ വിദ്യാർത്ഥികൾ പദ്ധതിയുടെ കീഴിലുണ്ട്. 52,000 കേഡറ്റുകൾ രണ്ടുവർഷത്തെ പരിശീലനം നേടി വരുന്നു.

നിരവധി സ്കൂളുകളിൽ നിന്ന് പുതുതായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിക്കണമെന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ സാമ്പത്തിക പരിമിതി കാരണം എല്ലാവർക്കും നൽകാനായിട്ടില്ല. കൂടുതൽ പണച്ചെലവില്ലാതെ പരമാവധി സ്കൂളുകളിൽ പദ്ധതി

നടപ്പാക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ അറിയിച്ചു.

കേരളത്തിലെ വിജയകരമായ നടത്തിപ്പിനെ തുടർന്ന് ഗുജറാത്ത്, ഹരിയാന, കർണ്ണാടക, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിലും പദ്ധതി ആരംഭിച്ചിരുന്നു. 2016 ൽ കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്നാഥ് സിങ് കേരളം സന്ദർശിച്ച വേളയിൽ പദ്ധതിയെപ്പറ്റി കൂടുതൽ മനസ്സിലാക്കുകയും, തുടർന്ന് ദേശീയതലത്തിൽ നടപ്പിലാക്കാൻ തീരുമാനിക്കുകയുമായിരുന്നു. അതേതുടർന്ന് പലഘട്ടങ്ങളിലായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ദേശീയ തലത്തിൽ പദ്ധതിക്ക് തുടക്കമാവുന്നത്.

ദേശീയ പ്രഖ്യാപനവേളയ്ക്ക് സാക്ഷ്യം വഹിക്കാൻ കേരളത്തിൽ നിന്ന് അദ്ധ്യാപകരും കുട്ടികളും ഉൾപ്പെടെയുള്ള 26 അംഗസംഘം ഗുർഗാവിലെത്തും. ഇന്റലിജൻസ് എ ഡി ജി പി റ്റി.കെ. വിനോദ് കുമാർ, ഈ പദ്ധതിക്ക് രൂപം നൽകുന്നതിൽ മുഖ്യ പങ്ക് വഹിക്കുകയും തുടർന്ന് ചുമതല വഹിക്കുകയും ചെയ്യുന്ന ഐ ജി പി .വിജയൻ എന്നിവർ കേരള സംഘത്തിന് നേതൃത്വം നൽകും.

ഫോട്ടോ ക്യാപിഷൻ : സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ദേശീയ പ്രഖ്യാപനവേളയ്ക്ക് സാക്ഷ്യം വഹിക്കാൻ ഹരിയാനയിലെ ഗുർഗാവിലേയ്ക്ക് പോകുന്ന ടീം അംഗങ്ങൾ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറയെ സന്ദർശിച്ചപ്പോൾ.

******************